**File No.C1/8/2021-TC**

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 12/01/2021

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് -ഓൺലൈൻ ആയി പോസ്റ്റേജ് ഫീ സ്വീകരിച്ച് ഡ്രൈവിംഗ് ലൈസെൻസ്/ആർ. സി എന്നിവ ഡെസ്പാച്ച് ചെയ്യുന്നത് സംബന്ധിച്ച്

സൂചന :- 02/01/2021 ലെ സർക്കാർ കത്ത് നം ബി2/145/2020-ഗതാ

2021 ജനുവരി 1 മുതൽ ഡ്രൈവിംഗ് ലൈസൻസ് നൽകൽ/പുതുക്കൽ തുടങ്ങി ലൈസൻസുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും വാഹന രജിസ്ട്രേഷൻ സംബന്ധിച്ച സേവനങ്ങളും പൂർണ്ണമായി ഓൺലൈനിലേക്ക് മാറ്റിയിട്ടുണ്ട്.അപേക്ഷകർ സ്റ്റാമ്പ് ഒട്ടിച്ച കവർ ലഭ്യമാക്കണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട് . പോസ്റ്റേജിന് ആവശ്യമായ തുക കൂടി ഓൺലൈനായി സ്വീകരിക്കണമെന്നു ഇതിനോടകം തന്നെ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഏതെങ്കിലും തരത്തിൽ പൊതുജനങ്ങളിൽ നിന്നു തപാൽ ഫീസ് ഈടാക്കുന്ന അപേക്ഷകൾ പ്രകാരമുള്ള രേഖകൾ നേരിട്ടോ ഏജന്റ് മുഖേനയോ നൽകാൻ പാടില്ലാത്തതും അത്തരത്തിൽ നൽകുന്നതായി ശ്രദ്ധയിൽപെട്ടാൽ ആയതിന് ഓഫീസ് മേലധികാരിയും തപാൽ സെക്ഷന്റെ ചുമതലയുള്ളയാളും ഉത്തരവാദിയയിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**T.C.VINESH**
**SENIOR DEPUTY TRANSPORT COMMISSIONER**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in

Signature valid
Digitally signed by T C Vinesh
Date: 2021.01.12 14:53:58 IST
Reason: Approved